# മുൻധാരണ

ധാർമികമായി വളരെ മോശപ്പെട്ട സാഹചര്യത്തിലായിരുന്നു അവൻ ജീവിച്ചിരുന്നത്. ഒരുപക്ഷേ, അജ്ഞതകൊണ്ടാകാം അങ്ങനെ ആയത്. ശ്രമിച്ചാൽ നന്നായെന്നുവരാം– ഞാൻ അവനെ വിളിച്ചു നടക്കാനാരംഭിച്ചു. പലതും സംസാരിച്ചു നടക്കുന്നതിനിടയിൽ പരിചിതനായ ഒരാളെ കാണാനിടയായി. അദ്ദേഹം എന്നെ വിളിച്ചു സ്വകാര്യമായി പറഞ്ഞു: ഇവന്റെ കൂടെ കൂടരുത്. പിശകാണവൻ. നന്നാകില്ല.''

ഒരാളെ സംബന്ധിച്ച് നൂറ് ശതമാനവും വ്യക്തമായ അറിവ് നേടാൻ മറ്റൊരാൾക്ക് പലപ്പോഴും സാധിക്കണമെന്നില്ല. അതിനെത്ര തന്നെ ശ്രമിച്ചാലും ശരി. മറ്റുള്ളവർക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത രഹസ്യവും പരസ്യവുമായ പല മേഖലകളും ഒരാളുടെ ജീവിതത്തിനുണ്ടാകും.

വ്യക്തികളെ സംബന്ധിച്ച കാഴ്ചപ്പാടിലും വിലയിരുത്തലിലും ചിലരെ ഊഹമോ മുൻധാരണയോ സ്വാധീനിക്കാറുണ്ട്. പലപ്പോഴും ചെറിയ നിമിത്തങ്ങളും അതിനുണ്ടായേക്കാം. പക്ഷേ, ആളുകളോട് സ്നേഹത്തോടെ സമീപ്പിക്കുന്നതിനും ഗുണകാംക്ഷയോടെ പെരുമാറുന്നതിനും അത് തടസ്സമാകും.

വ്യക്തിയുടെ അവകാശത്തിന് പരിധിയും മേഖലയും നിർണയിക്കാനാകില്ല. സമൂഹം തന്നോട് മാന്യമായി പെരുമാറണമെന്ന അവന്റെ ആഗ്രഹം പോലും ആ അവകാശത്തിന്റെ ഭാഗമാണ്. ചെറിയ തകരാറുകളുടെ പേരിൽ വ്യക്തിയുടെ ജീവിതത്തെ മൊത്തം മോശമായി വിലയിരുത്തുന്നതും അതനുസരിച്ച് പെരുമാറുന്നതും അവന്റെ നീതി നിഷേധിക്കുന്നതിന് തുല്യമാണ്. അവനിലെ നന്മ കാണാനും അംഗീകരിക്കാനും സാധിക്കുകയില്ല എന്നതാണ് അതിലെ തകരാറ്. കാരണം, മുൻധാരണ നന്മയുമായി മാത്രം ബന്ധപ്പെട്ടുകൊണ്ടല്ല സ്വരൂപിക്കുന്നത്. വ്യക്തിയുടെ ദൗർബല്യങ്ങളും അതുൾക്കൊണ്ടിട്ടുണ്ടാകും.

വ്യക്തികൾ പൊതുസമൂഹത്തിൽ ചർച്ച ചെയ്യപ്പെടുക സ്വാഭാവികമാണ്. അഭിപ്രായങ്ങൾക്ക് പലപ്പോഴും തെളിവിന്റെ പിൻബലം ഉണ്ടാകണമെന്നില്ല. പക്ഷേ, ആ അഭിപ്രായങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന ദുഃസ്വാധീനം ഒരു വ്യക്തിയെ നശിപ്പിക്കുന്നതിന് തുല്യമാണ്.

ഒരാളുടെ മുൻകാല ജീവിതത്തെയോ നിലവിലുള്ള മോശപ്പെട്ട അവസ്ഥയേയോ നിരൂപണം ചെയ്യാം. പക്ഷേ, അത് മുമ്പിൽ വെച്ച് അവന്റെ ഭാവിയെ നിർണയിക്കാനോ അവന്റെ ജീവിതത്തെ മൊത്തത്തിൽ വിമർശിക്കാനോ പാടില്ല. കാരണം, ഹൃദയം മനുഷ്യന്റെ ഉടമസ്ഥതയിലല്ല, ദൈവത്തിന്റെ നിയന്ത്രണത്തിലാണ്. അതിനെ അതിന്റെ സ്വഭാവത്തോടൊപ്പം മാറ്റിമറിക്കുവാൻ അവന് ഒരു നിമിഷം മതി. വിമർശിക്കപ്പെടുന്നവൻ നല്ലവനും സമൂഹത്തിന്റെ ആദരവ് നേടിയവനുമായി മാറിയാൽ പലപ്പോഴും അവനെ ഉൾക്കൊള്ളാനാകാതെ അവന്റെ പഴയ ജീവിതത്തെ വീണ്ടും കീറിമുറിക്കുകയാണ് ചിലർ ചെയ്യാറുള്ളത്. ഈ രീതി ഏറെ പ്രയാസമുണ്ടാക്കും.

ഒരു വ്യക്തിയെ അടിസ്ഥാനരഹിതമായി, മുൻധാരണയോടെ കാണുന്നതും തെറ്റിധരിക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ളവരോട് സംസാരിക്കുന്നതും പാതകമാണ്. സമൂഹത്തിൽ പലതരത്തിലുള്ള പ്രയാസങ്ങൾക്കും അത് വഴിവെക്കും.

അടിസ്ഥാനരഹിതമായ മുൻധാരണയാണ് തെറ്റിദ്ധാരണക്കടിസ്ഥാനം. വിട്ടുവീഴ്ചയുടെയും വിശാല മനസ്കതയുടെയും കവാടങ്ങളെ അത് ബന്ധിക്കും. ബന്ധങ്ങളിൽ വിടവുണ്ടാക്കാനും മനസ്സിനെ മാരകമായി മുറിപ്പെടുത്താനും അതിന് സാധിക്കും. അത്തരം വ്യക്തികൾക്കിടയിൽ സ്നേഹവും പരസ്പര വിശ്വാസ്യതയും പേരിനുപോലും ഉണ്ടാകില്ല.

മുൻധാരണയോടെ വീക്ഷിക്കപ്പെടുന്ന വ്യക്തിയുടെ കർമ്മങ്ങളെ പലപ്പോഴും സംശയത്തോടെയായിരിക്കും സമൂഹം കാണുക. വ്യക്തിയെ അകാരണമായി കുറ്റവാളിയാക്കുന്നതിന് തുല്യമാണത്.

വ്യക്തികളെ സംബന്ധിച്ച് നല്ലത് വിചാരിക്കുകയാണ് ആരോഗ്യകരമായ സമൂഹത്തിനാവശ്യം. കേൾക്കാനിടയാകുന്ന തെറ്റുകൾ ആജീവനാന്ത വിലയിരുത്തലിനുള്ള ഉപാധിയായി സ്വീകരിക്കാതിരിക്കുക. വല്ലവരെയും പറ്റി മോശപ്പെട്ട വൃത്താന്തം കേട്ടാൽ അതിന്റെ സത്യാവസ്ഥ അന്വേഷിച്ച് മനസ്സിലാക്കുക. അതെയവസരം തെറ്റിധാരണയും മുൻധാരണയുമുണ്ടാക്കുന്ന സാഹചര്യങ്ങൾ ഉണ്ടാക്കാതിരിക്കാൻ ഓരോരുത്തരും പരമാവധി ശ്രമിക്കുക. എങ്കിൽ ജനം തെറ്റിദ്ധരിക്കില്ല. ബന്ധവും നല്ലതാകും.